LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പ്ലാൻ ഫണ്ട്

72 (3039) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-2-2015 തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാന പ്ലാൻ ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വാർഷിക പ്ലാൻ ഫണ്ട് വിനിയോഗത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം 28-2-2015-ലെ കണക്ക് പ്രകാരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 28-2-2015 വരെയുള്ള താത്കാലിക കണക്കുപ്രകാരം 2014-15-ൽ അനുവദിച്ച 20000 കോടി രൂപയിൽ 10124.62 കോടി രൂപ (51%) ചെലവഴിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം (28-2-2015 വരെയുള്ള താത്കാലിക കണക്ക്) അനുബന്ധമായി നൽകുന്നു.*

കേന്ദ്രപദ്ധതികൾ വഴിയുള്ള സഹായം നേടിയെടുക്കുന്നതിൽ കേരളത്തിന് വീഴ്ച

73 (3040) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായം വാങ്ങിയെടുക്കുന്നതിൽ കേരളത്തിന് വീഴ്ച പറ്റിയിട്ടുണ്ടോ ; വകുപ്പുമന്ത്രി ഈ രീതിയിൽ പ്രസ്താവന നടത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) എത്ര തുകയുടെ ഏതൊക്കെ പദ്ധതികളാണ് കേരളത്തിന് നഷ്ടമായതെന്ന് വിശദമാക്കാമോ ; കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല

(ബി) കേന്ദ്രപദ്ധതികളെ സംബന്ധിച്ച് കേന്ദ്രസർക്കാർ നൽകുന്ന തുക അതാത് വർഷം ചെലവഴിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ തുടർന്നുള്ള വർഷങ്ങളിൽ ചെലവഴിക്കാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ അനുവദിക്കപ്പെട്ട പദ്ധതിയും തുകയും നഷ്ടപ്പെട്ടുകയില്ല.

വിദ്യാഭ്യാസ വായ്പ പലിശയിളവ്.

74 (T*3041) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽനിന്ന് വിദ്യാഭ്യാസ വായ്പാ പലിശയിളവിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഇതുവരെ പരിഗണിച്ചു ; എത്ര തുക പലിശ ഇളവായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പലിശയിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ ജില്ലയ്ക്ക് ഇനിയും ആവശ്യമായ തുക എത്രയാണ് ; ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly